പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2525 — 18.07.2011- ൽ മറുപടിയ്ക്ക്

പുരയിട കൃഷി സമ്പ്രദായം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :<br>ശ്രീ. എം. ചന്ദ്രൻ :<br>ശ്രീ. കെ. ദാസൻ :<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) പുരയിട കൃഷി സമ്പ്രദായം നേരിടുന്ന പ്രധാന വെല്ലുവിളികൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ ; | (എ) ഉണ്ട്. കേരളത്തിലെ പുരയിടകൃഷി സമ്പ്രദായത്തിൽ തെങ്ങാണ് പ്രധാന വിള. തെങ്ങുകൃഷി നേരിടുന്ന പ്രധാന പ്രശ്നങ്ങൾ.<br>1. മാരകമായ കാറ്റുവീഴ്ച രോഗം<br>2. പ്രായാധിക്യമുള്ള ഉത്പാദനക്ഷമത കുറഞ്ഞ തെങ്ങുകളുടെ ആധിക്യം.<br>3. ഉത്പന്നങ്ങളുടെ വിലയിടിവ്.<br>4. തൊഴിലാളികളുടെ ദൗർലഭ്യവും ഉയർന്ന കൂലിയും.<br>5. ശാസ്ത്രീയ കൃഷി രീതികളുടേയും സാങ്കേതിക വിദ്യകളുടേയും അവലംബനം കർഷകരുടെ ഇടയിൽ കുറവാണ്.<br>6. തെങ്ങുകയറ്റ തൊഴിലാളികളുടെ ദൗർലഭ്യം സമയത്തുള്ള വിളവെടുപ്പ്, കീടരോഗ നിയന്ത്രണം എന്നിവയ്ക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നു.<br>7. കേരളത്തിലെ നാളികേര കൃഷിയിടങ്ങളുടെ വിസ്തൃതി വളരെ കുറവായതിനാൽ (ശരാശരി 0.1 ഹെക്ടറിലും കുറവാണ്) ഫലപ്രദമായ യന്ത്രവൽക്കരണം നടത്താൻ സാധിക്കുന്നില്ല.<br>8. ശാസ്ത്രീയ കൃഷിരീതി അനുസരിച്ച് ഹെക്ടറിന് ഉയർന്ന വിളസാന്ദ്രത ഉല്പാദനക്ഷമതയെ വളരെയധികം പ്രതികൂലമായി ബാധിക്കുന്നു. |

9. നാളികേര കൃഷിയിലെ വർദ്ധിച്ച ഉല്പാദന ചെലവ്, സംഭരണ വിലയിലെ കുറവ്, വെളിച്ചെണ്ണയുടെ വിലയിലുണ്ടാകുന്ന ഏറ്റക്കുറച്ചിലും വ്യതിയാനവും, നാളികേര അധിഷ്ഠിത ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന വ്യവസായങ്ങളുടെ അപര്യാപ്തത മുതലായ കാരണങ്ങളും പരോക്ഷമായി നാളികേരത്തിന്റെ ഉല്പാദനത്തേയും ഉല്പാദനക്ഷമതയേയും സാരമായി ബാധിച്ചിട്ടുണ്ട്.

ബി) തെങ്ങ് പ്രധാനവിളയായും മറ്റുള്ളവ ഇടവിള-സമ്മിശ്ര കൃഷികളുമായി, ഉല്പാദനക്ഷമത വർദ്ധിപ്പിക്കാൻ ഉതകുന്ന പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ; എങ്കിൽ അവ വിശദീകരിക്കാമോ ?

(ബി) തെങ്ങു പ്രധാന വിളയായും മറ്റുള്ള ഇടവിളകൾ സമ്മിശ്ര കൃഷിയായും ഉള്ള പദ്ധതികൾ ഇപ്പോൾ നിലവിലുണ്ട്. നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദന ക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി വിവിധ കേന്ദ്ര സംസ്ഥാന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1) നാളികേര വികസന ബോർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന 100% കേന്ദ്ര പദ്ധതിയാണ് തെങ്ങുകൃഷിയിടങ്ങളിലെ സംയോജിത കൃഷി രീതികൾ. 2011-12 വർഷം 300 ഹെക്ടർ സ്ഥലത്ത് ഒന്നാം വർഷ പ്രദർശനത്തോട്ടവും 300 ഹെക്ടർ സ്ഥലത്ത് രണ്ടാം വർഷ പ്രദർശനത്തോട്ടവും സ്ഥാപിച്ചുവരുന്നു. പത്തനംതിട്ട, കോട്ടയം, കണ്ണൂർ, കാസർഗോഡ് ജില്ലകളിലാണ് പ്രദർശനത്തോട്ടങ്ങൾ സ്ഥാപിച്ചിട്ടുള്ളത്. ഹെക്ടറിന് 17500/- രൂപയാണ് ധനസഹായമായി ലഭ്യമാക്കുന്നത്. 105 ലക്ഷം രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്.

2) നാളികേര വികസന ബോർഡും കൃഷി വകുപ്പും സംയുക്തമായി തെങ്ങു പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കുന്നുണ്ട്. പൈലറ്റ് അടിസ്ഥാനത്തിൽ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ ജില്ലകളിൽ 2009-10 മുതൽ 2010-13 വരെയുള്ള കാലയളവിൽ പദ്ധതി നടപ്പിലാക്കും. 474.514 കോടി രൂപയാണ് പദ്ധതിയുടെ കേന്ദ്ര സബ്സിഡി. കാറ്റുവീഴ്ച രോഗം രൂക്ഷമായി ബാധിച്ചതും ഉല്പാദനക്ഷമത തീരെ കുറഞ്ഞതുമായ 143.4 ലക്ഷം തെങ്ങുകൾ വെട്ടിമാറ്റുക, 1.33 ലക്ഷം ഹെക്ടർ തെങ്ങിൻ തോട്ടങ്ങൾ പുനരുദ്ധരിക്കുക, തെങ്ങിൻ തൈകൾ പുതിയതായി വച്ചുപിടിപ്പിക്കുക എന്നിവയാണ് പദ്ധതി ലക്ഷ്യങ്ങൾ.

3) സംസ്ഥാന നാളികേര വികസന പദ്ധതി പ്രകാരം 27.9 കോടി രൂപ 2011-12 ൽ ചെലവഴിക്കുന്നതാണ്. കേരശ്രീ ഒന്നാം വർഷ പദ്ധതിക്കായി 17.865 കോടി രൂപയും, രണ്ടാം വർഷ ധനസഹായത്തിനായി 9.635 കോടി രൂപയും കൂടാതെ നാളികേര അധിഷ്ഠിത ഉത്പന്നങ്ങളുടെ ഉല്പാദനത്തിനായി ചെറിയ യൂണിറ്റുകൾ സ്ഥാപിക്കാൻ പരമാവധി 10 ലക്ഷം രൂപ ലഭ്യമാക്കാനായി 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ